**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ദിനാഘോഷം 2012 - ഗ്രാമപഞ്ചായത്തുകളുടെ വിഹിതം - തനതു ഫണ്ടിൽ നിന്നും കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

ജി.ഒ.(ആർ.റ്റി) നം.981/2012/തസ്വഭവ. തിരുവനന്തപുരം, തീയതി, 30/03/2012.

================================================================================

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 26/3/2012-ലെ ജി2-35900/2011 നമ്പർ കത്ത്

**ഉത്തരവ്**

2012 ഏപ്രിൽ 24-ാം തീയതി തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിക്കുന്ന പഞ്ചായത്ത് ദിനാഘോഷങ്ങളുടെ വിജയകരമായ നടത്തിപ്പിലേക്കാവശ്യമായ ചെലവുകൾക്കായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ 342 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 7500/- രൂപ ക്രമത്തിലും, ശേഷിക്കുന്ന ജില്ലകളിലെ 636 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 5000/- രൂപ ക്രമത്തിലും സംഭാവനയായി സ്വരൂപിക്കുവാൻ അനുമതി നൽകണമെന്ന് പരാമർശം പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഏപ്രിൽ 24-ാം തീയതി തിരുവനന്തപുരത്തു നടക്കുന്ന പഞ്ചായത്ത് ദിനാഘോഷം വിജയകരമായി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വരുന്ന ചെലവുകൾ നിർവ്വഹിക്കുന്നതിനായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 7500/- രൂപ വീതവും മറ്റുള്ള ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 5000/- രൂപ വീതവും, അവരവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുവാൻ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (14 ജില്ലകൾ).
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/ സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേയ്ക്ക്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ